# ആഗമനകാലം - 1
(ഡിസം. 16 വരെ)

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

ക്രിസ്തുനാഥൻ എളിയ മനുഷ്യപ്രകൃതി സ്വീകരിച്ചുകൊണ്ട്
പ്രഥമ ആഗമനത്തിൽ പൂർവികപരിത്രാണപദ്ധതി പൂർത്തീകരിച്ച്,
നിത്യരക്ഷാമാർഗ്ഗം ഞങ്ങൾക്കു തുറന്നുതന്നു.
അവിടുന്നു പ്രതാപത്തോടെ വീണ്ടും എഴുന്നള്ളുമ്പോൾ,
വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതും
ഞങ്ങൾ ജാഗരൂകരായി പ്രതീക്ഷിക്കുന്നതുമായ നിത്യസമ്മാനം
ഞങ്ങൾക്കു സർവജനസമക്ഷം ലഭിക്കുമാറാകട്ടെ.

ആകയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ
തുടങ്ങിയ എല്ലാ സ്വർഗ്ഗീയവൃന്ദങ്ങളോടുംചേർന്ന്
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

# ആഗമനകാലം - 2
(ഡിസം. 16 വരെ)

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

ക്രിസ്തുവിനെ എല്ലാ ദീർഘദർശികളുടെയും പ്രവചനങ്ങൾ
പ്രഘോഷിച്ചു. കന്യകാമാതാവ് അവാച്യമായ സ്നേഹവായ്പോടെ
അവിടുത്തെ പോറ്റിവളർത്തി. വരുവാനിരുന്ന ക്രിസ്തുവിനെ
യോഹന്നാൻ പാടിപ്പുകഴ്ത്തി;
ആഗതനായ അവിടുത്തെ ചൂണ്ടിക്കാണിക്കുകയും ചെയ്തു.
തിരുപ്പിറവി ആഘോഷത്തിനു സന്തോഷപൂർവ്വം ഒരുങ്ങുവാൻ
അവിടുന്നു ഞങ്ങൾക്കു വരമരുളുന്നു.
അവിടുന്ന് ആഗതനാകുമ്പോൾ, ഞങ്ങളെ പ്രാർത്ഥനയിൽ
ജാഗരൂകരും, അവിടുത്തെ സ്തുതിഗീതികൾ ആലപിക്കുന്നതിൽ
ആഹ്ലാദഭരിതരുമായി കാണുവാൻ ഇടയാകുമാറാകട്ടെ.

ആകയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ
തുടങ്ങിയ എല്ലാ സ്വർഗ്ഗീയവൃന്ദങ്ങളോടുംചേർന്ന്
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

# തിരുപ്പിറവി - 1

(ഡിസം. 16 വരെ)

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

ദൈവവചനം മനുഷ്യനായി എന്ന മഹാരഹസ്യംവഴി
അങ്ങയുടെ ദിവ്യമഹിമാവിന്റെ നവ്യപ്രഭ
ഞങ്ങളുടെ മനോനേത്രങ്ങൾക്കു ദൃശ്യമായി.
ദൈവത്തെ ദൃശ്യരൂപത്തിൽ കണ്ടറിയുന്ന ഞങ്ങൾ
അദൃശ്യമായ ദിവ്യവസ്തുക്കളോടുള്ള സ്നേഹത്താൽ ആകൃഷ്ടരാകട്ടെ.

ആകയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ
തുടങ്ങിയ എല്ലാ സ്വർഗ്ഗീയവൃന്ദങ്ങളോടുംചേർന്ന്
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

# തിരുപ്പിറവി - 2
(ഡിസം. 16 വരെ)

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

ക്രിസ്തുനാഥൻ ദൈവസ്വഭാവത്തിൽ അദൃശ്യനെങ്കിലും,
മനുഷ്യസ്വഭാവത്തിൽ ദൃശ്യനായിബ്ഭവിച്ചു;
യുഗങ്ങൾക്കുമുൻപേ ജാതനെങ്കിലും
കാലത്തിന്റെ തികവിൽ മനുഷ്യനായിപ്പിറന്നു;
തകർന്നതെല്ലാം സമുദ്ധരിച്ച്
സർവ്വവും തന്നിൽ കേന്ദ്രീകരിക്കുവാനും
നാശത്തിൽ നിപതിച്ച മനുഷ്യനെ
സ്വർഗ്ഗത്തിലേക്കു നയിക്കുവാനും
അവിടുന്നു തിരുവുള്ളമായി.

സമ്പൂജ്യമായ ഈ മഹാരഹസ്യം കൊണ്ടാടുന്ന ഈ വേളയിൽ
എല്ലാ മാലാഖമാരോടും ചേർന്ന്,
ഞങ്ങളും ആഹ്ലാദഭരിതരായി അങ്ങയെ പാടിസ്തുതിക്കുന്നു:

# തിരുപ്പിറവി - 3

(ഡിസം. 16 വരെ)

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

മനുഷ്യനായി അവതരിച്ച ക്രിസ്തുവഴി
മനുഷ്യകുല പരിത്രാണപദ്ധതി അങ്ങ് പ്രസ്പഷ്ടമാക്കി;
അങ്ങയുടെ ദിവ്യസുതൻ
ഞങ്ങളുടെ ദുർബലപ്രകൃതി സ്വീകരിക്കുകമൂലം
അതിനു നിത്യബഹുമതി സംലബ്ധമായി;
മാത്രമല്ല, മർത്ത്യപ്രകൃതിയുമായുള്ള
അവിടുത്തെ ഈ വിസ്മയനീയമായ പങ്കാളിത്തംവഴി
ഞങ്ങൾക്ക് അനശ്വര ദൈവികജീവൻ ലഭിക്കുകയും ചെയ്തു.

ആകയാൽ, മാലാഖവൃന്ദങ്ങളോടൊന്നുചേർന്ന്
ആഹ്ലാദഭരിതരായി ഞങ്ങൾ അങ്ങയെ പാടിസ്തുതിക്കുന്നു:

# പ്രത്യക്ഷീകരണം

## ( പ്രത്യക്ഷീകരണം മുതൽ ക്രിസ്തുവിന്റെ ജ്ഞാനസ്നാനം വരെ )

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

ക്രിസ്തുവിൽ ഞങ്ങളുടെ രക്ഷാകർമ്മത്തിന്റെ ദിവ്യരഹസ്യം
ഇന്നേദിവസം ജനതകൾക്ക് പ്രകാശമായി അങ്ങ് വെളിപ്പെടുത്തി;
അങ്ങയുടെ ദിവ്യസുതൻ
ഞങ്ങളുടെ മർത്ത്യപ്രകൃതിപൂണ്ടു പ്രത്യക്ഷനായപ്പോൾ
അവിടുന്നു ഞങ്ങളെ സമുദ്ധരിച്ച്,
അമർത്ത്യതയുടെ മഹത്ത്വത്തിൽ പങ്കാളികളാക്കിയല്ലോ .

ആകയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ
തുടങ്ങിയ എല്ലാ സ്വർഗ്ഗീയവൃന്ദങ്ങളോടുംചേർന്ന്
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്
ഞങ്ങൾ അവിരാമം ആലപിക്കുന്നു: